## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1963** **10/03/2020-ൽ മറുപടിക്ക്**

# <u>കണ്ണൂർ അഴീക്കൽ പോർട്ട്</u>

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി) |
|---|---|---|
| (എ) കഴിഞ്ഞ ബഡ്ജറ്റിൽ കണ്ണൂർ അഴീക്കൽ പോർട്ടിനായി 500 കോടി രൂപ വകയിരുത്തിയതിൽ എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ പോർട്ടിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ കിഫ്ബി മുഖാന്തിരം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് കിഫ്ബിയിൽ നിന്ന് ധനസഹായം സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അഴീക്കൽ തുറമുഖ നിർമ്മാണത്തിനുവേണ്ടി ബഹു.മുഖ്യമന്ത്രി ചെയർമാനായി Azhikkal Port Limited എന്ന കമ്പനി രൂപീകരിച്ച് വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് (feasibility report) സർക്കാർ അംഗീകരിക്കുകയും geo-technical studies നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നു വരുന്നു. |
| (ബി) ഇപ്രകാരം നടപ്പിലാക്കിയ പോർട്ട് വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് അറിയിക്കാമോ; | | |
| (സി) ഇനി എന്തെല്ലാം പുതിയ പ്രവൃത്തികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | അഴീക്കലിൽ തുറമുഖാധിഷ്ഠിത വ്യവസായം തുടങ്ങുന്നതിന് ഒരു Special Economic Zone ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**